# പുനർജീവനം കൃഷിയിലൂടെ സാധ്യമാക്കാൻ അവരും വൈഗയിലെത്തി

തൃശൂർ: മനസ്സിന് ഏറ്റവും ആനന്ദവും ഉല്ലാസദായകവുമാണ് കൃഷി എന്നും തങ്ങളുടെ വൈകല്യങ്ങൾ ഒന്നിനും തടസ്സമല്ലെന്നുള്ള ദൃഢനിശ്ചയവുമായി വൈഗ 2017 അന്താരാഷ്ട്ര പ്രദർശനവും ശില്പശാലയും കാണാൻ ഉത്സാഹഭരിതരായി പുനർജനി നിവാസികൾ എത്തി. തൃശ്ശൂർ ഒല്ലൂർ പുനർജീവൻ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഇരുന്നൂറോളം അംഗപരിമിതരാണ് കേരള കാർഷിക സർവ്വകലാശാല വെള്ളാനിക്കരയിൽ സംഘടിപ്പിച്ചിട്ടുള്ള അന്താരാഷ്ട്ര പ്രദർശനവും ശില്പശാലയും കാണാനെത്തിയത്. കൃഷി മന്ത്രി വി എസ് സുനിൽ കുമാർ , ഒല്ലൂർ എംഎൽഎ കെ രാജൻ എന്നിവർ ഇവരുടെ വൈഗ സന്ദർശനത്തിന് വേണ്ട സൗകര്യങ്ങൾ എല്ലാം തന്നെ മുൻകൂട്ടി സജ്ജമാക്കിയിരുന്നു.

വിവിധ അപകടങ്ങളിൽ പെട്ട് നട്ടെല്ല്, നാഡീവ്യൂഹം എന്നിവയ്ക്ക് മാരകമായി ക്ഷതങ്ങൾ സംഭവിക്കുകയും ദീർഘകാലമായി ചികിത്സയിൽ ഏർപ്പെട്ടിരിക്കുകയും ചെയ്യുന്ന ആളുകളെ പുനരധിവസിപ്പിച്ചിരിക്കുന്ന സ്ഥാപനമാണ് ഒല്ലൂരിലുള്ള പുനർജീവൻ ട്രസ്റ്റ്. ഏകദേശം 255 കുടുംബങ്ങളാണ് 2014 ൽ പ്രവർത്തനം തുടങ്ങിയ ട്രസ്റ്റിന് കീഴിലുള്ളത്. കിടക്കയിൽ നിന്ന് മുറ്റത്തേയ്ക്ക്, മുറ്റത്തു നിന്ന് സമൂഹത്തിലേയ്ക്ക്, സമൂഹത്തിൽ നിന്ന് വിശുദ്ധിയിലേയ്ക്ക് എന്നതാണ് ഇവരുടെ മുദ്രാവാക്യം.

കാഠിന്യമേറിയ തൊഴിലുകൾ ചെയ്യാൻ ബുദ്ധിമുട്ടനുഭവിക്കുന്ന ഇവർ കാർഷിക വൃത്തിയെ മഹത്തായ ഒരു ജീവനമാർഗമായി കാണുന്നു. മൂല്യവർദ്ധന മേഖലയിൽ പ്രാവർത്തികമാക്കാൻ കഴിയുന്ന ഒട്ടനവധി ചെറുകിട സംരംഭങ്ങൾ നേരിട്ടുകാണുന്നതിനും മനസിലാക്കുന്നതിനുമാണ് ഇവർ വൈഗ വേദിയിൽ എത്തിയത്. തങ്ങളെ കരുതിയതിനും, അംഗീകരിച്ചതിനും കൃഷി വകുപ്പിന് പ്രത്യേകം നന്ദിയും അഭിനന്ദനവും സമർപ്പിച്ചു. കൃഷി മേഖലയിലെ മൂല്യവർദ്ധന സാധ്യതകളുടെ, വിജ്ഞാനലോകമായ 'വൈഗ' കണ്ട് കൃഷിയുടെ സപന്ദനം ഹൃദയത്തിൽ നിറച്ചാണവർ മടങ്ങിയത്.

മൂല്യവർദ്ധന മേഖലയിൽ പുതിയ വാതായനങ്ങൾ തുറന്ന് വൈഗ സന്ദർശകർക്ക് പുതിയ അനുഭവമായി മാറി. കാർഷികോൽപ്പന്ന സംസ്കരണം മൂല്യവർദ്ധനവ് ആസ്പദമാക്കി കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ശിൽപശാലയായ വൈഗ 2017 ന്റെ ആദ്യദിനത്തിൽ മേഖലയിൽ നൂതന സാധ്യതകളെക്കുറിച്ച് വിദഗ്ധർ വിഷയാവതരണം നടത്തി.

[redacted] Janayugom 29.12.17